ഖുത്ബ
29.9.2006
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# ഖുർആനിലെ ദുആയും സ്വീകാര്യതയും

**ദൈ**വാനുഗ്രഹത്താൽ കഴിഞ്ഞയാഴ്ച മുതൽ റമളാനാരംഭിച്ചിരിക്കുകയാണ്. ഈ മാസത്തിലാണ് അല്ലാഹു വിശുദ്ധഖുർആനിറക്കിയത്. അവൻ പറഞ്ഞു: ***ശഹ്റു റമളാനല്ലദീ ഉൻസില ഫീഹിൽഖുർ ആനു ഹുദൻല്ലിന്നാസി വ ബയ്യിനാത്തിൻമ്മി നൽഹുദാ വൽഫുർഖാൻ*** മനുഷ്യന് മഹത്തായ സന്മാർഗ്ഗമെന്നനിലയിൽ വിശുദ്ധഖുർആൻ ഇറക്കപ്പെട്ട മാസമാണ് റമളാൻ. സ്പഷ്ടമായ അടയാളമെന്ന നിലയിൽ- ഇതിൽ സന്മാർഗ്ഗത്തിന്റെ വിവരണവും സത്യാസത്യങ്ങൾ വേർപ്പെടുത്തുന്ന വ്യക്തമായ കാര്യങ്ങളുമുണ്ട്. (*2:186*)

ഇത് പഠിച്ച് അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് ഇതിൽനിന്ന് ഫലമെടുക്കാൻ കഴിയുന്നത്. അല്ലാഹു ഇതിൽ ധാരാളം കല്പനകൾ പറഞ്ഞിട്ടുണ്ട്. അത് നാം ജീവിതത്തിൽ പകർത്താനാണ്. ചില കാര്യങ്ങൾ തടഞ്ഞുകൊണ്ടുള്ള ചില കല്പനകളും അവനിറക്കിയിട്ടുണ്ട്. കഴിഞ്ഞുകടന്ന നബിമാർ ചെയ്തിട്ടുള്ള നിരവധി ദുആകളും പഠിപ്പിച്ചു. നബി (സ) തിരുമേനിക്ക് പഠിപ്പിക്കപ്പെട്ട ദുആകളും പഠിപ്പിച്ചു. ആ ദുആകൾ വിശുദ്ധഖുർആനിൽ വിവരിക്കാൻ കാരണം, വിവിധതരത്തിലുള്ള അവസ്ഥകൾ ഉണ്ടാകുമ്പോൾ വിവിധതരത്തിലുള്ള ഈ ദുആകൾ ആ അവസ്ഥയ്ക്കനുസരിച്ച് ചെയ്യുക എന്ന് സമുദായത്തെ ഉണർത്തുന്നതിനുവേണ്ടിയാണ്. വിവിധതരത്തിലുള്ള ഈ ദുആകൾ അല്ലാഹു വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയത് സത്യവിശ്വാസിയായ ദാസൻ അതിനെ പ്രയോജനപ്പെടുത്താനാണ്. നിഷ്ക്കളങ്കരായിക്കൊണ്ട്, അവന്റെ സവിശേഷഗുണങ്ങൾ പറഞ്ഞ് 'അല്ലാഹുവേ, നീ തന്നെയാണ് ഈ ദുആ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്' എന്ന് പറഞ്ഞ് അവന്റെ മുമ്പിൽ കുനിഞ്ഞു അവനോട് ദുആ ചെയ്താൽ അവനത് സ്വീകരിക്കുന്നതാണ്. ഇത് അല്ലാഹുവിന്റെ ഔദാര്യമാണ്. ഇതിനെക്കുറിച്ച് ഞാൻ കഴിഞ്ഞ ഖുത്ബയിൽ പ്രതിപാദിച്ചിരുന്നു. അല്ലാഹുവിന്റെ ഈ ഔദാര്യങ്ങൾ മഴപോലെ വർഷിച്ചുകൊണ്ടിരിക്കുകയാണ്. അത് അവന്റെ മുന്നിൽ ആത്മാർത്ഥമായി കുനിയുന്നവർക്ക് ഒരിക്കലും അവസാനിക്കാത്തതാണ്. ഇന്നും ഞാൻ, വിശുദ്ധ ഖുർആനിൽ പഠിപ്പിക്കപ്പെട്ട ദുആകളെ സംബന്ധിച്ചുള്ള അതേവിഷയം തുടരുന്നതാണ്.

റമളാൻ മാസത്തിൽ താൻ തന്റെ ദാസനെ മുമ്പത്തെക്കാൾ കൂടുതൽ പരിഗണിക്കുന്നുവെന്നും അവന്റെ പ്രാർത്ഥന സ്വീകരിക്കുമെന്നും അല്ലാഹു പറഞ്ഞിട്ടുണ്ട്. ഇതും റമളാന്റെ ഒരു പ്രാധാന്യമാണ്. ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "റമളാൻ മാസം സമാഗതമായാൽ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു. നരകത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുന്നു. ശയ്ത്വാനെ ചങ്ങലയ്ക്കിടുകയും ചെയ്യുന്നു."

അതുകൊണ്ട്, അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കേണ്ട ആവശ്യം നമുക്കിന്നുണ്ട്. നമ്മുടെ ഈ നിസ്സാരമായ പരിശ്രമം അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകാര്യമാവാൻ അതാവശ്യമാണ്. അല്ലാഹു ഈ ദിനങ്ങളിൽ നബി(സ) തിരുമേനി പറഞ്ഞതുപോലെ, സാധാരണ അവസ്ഥയെക്കാളുപരി തന്റെ ദാസനോടു കരുണ കാണിക്കുന്നു. നിസ്സാരമായ നന്മകൊണ്ട് വലിയ പ്രതിഫലം പ്രാപിക്കുന്നു. മറവിയും, അബദ്ധങ്ങളും കൊണ്ട് വന്നുപോകുന്ന പാപങ്ങളെ അല്ലാഹു അവഗണിച്ചുകളയുന്നു. അതുകൊണ്ട്, ഈ ദിനങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഓരോ സത്യവിശ്വാസിയും പരിശ്രമിക്കേണ്ടതാണ്. നോമ്പും ആരാധനകളും കാരണത്താൽ, ഹദീസിൽ പറഞ്ഞതുപോലെ ശയ്ത്വാനെ ചങ്ങലയ്ക്കിടുന്നു. ശയ്ത്വാന്റെ മുമ്പിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ശയ്ത്വാന്റെ ഒരു ശ്രമവും നടക്കാത്തവിധത്തിൽ അവസരമൊരുങ്ങുന്നു.

'റമളാൻ പ്രാപിക്കുകയും എന്നാൽ തന്റെ പാപം പൊറുപ്പിക്കാതിരിക്കുകയും ചെയ്യുന്നത്' ഒരു സത്യവിശ്വാസിയുടെ നിർഭാഗ്യമാണെന്ന് എന്ന് നബി (സ) തിരുമേനി പറയുകയുണ്ടായി. അല്ലാഹുവിലേക്കുള്ള നടത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കാതിരിക്കുക എന്നത് നിർഭാഗ്യമാണ്. ഇപ്പോൾ അല്ലാഹു വീണ്ടും നമ്മെ ഈ മാസത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ശയ്ത്വാനെ ചങ്ങലയ്ക്കിട്ടിരിക്കുന്നു. നന്മകൾക്ക് പല ഇരട്ടി പ്രതിഫലം കിട്ടിക്കൊണ്ടിരിക്കുന്നു. നമ്മളിലോരോരുത്തരും ഇതിൽനിന്ന്

പൂർണ്ണമായും ഫലമെടുക്കേണ്ടതാണ്. അതിനു വേണ്ടി ശ്രമിക്കേണ്ടതാണ്. തന്റെ ദാസന്റെ നന്മകളിൽ അല്ലാഹുവിന് ഏറ്റവും പ്രിയങ്കരം തന്നെ ആരാധിക്കുന്നതാണ്. താൻ പറഞ്ഞ നമസ്കാരം നമസ്കരിക്കുന്നതാണ്. അത് അല്ലാഹുവിന്റെ ദാസൻ മനസ്സിൽ അവനെ ഭയന്നുകൊണ്ട് അവൻ പറഞ്ഞ രീതിയനുസരിച്ച് ചെയ്യുന്നതാണ്. അവൻ അല്ലാഹു പറഞ്ഞ ആ എല്ലാ നിബന്ധനകളുമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട്, നമസ്കാരമനുഷ്ഠിക്കുന്നു. തിരിച്ച് മുഖത്തേക്ക് എറിയുന്നരീതിയിലുള്ള നമസ്കാരമല്ല. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യമായി ഇതുതന്നെയാണ് അല്ലാഹു വിവരിച്ചിരിക്കുന്നത്. ഈ നമസ്കാരമനുഷ്ഠിക്കാനുള്ള ഭാഗ്യവും മറ്റെല്ലാ നന്മകളുംപോലെ അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുതന്നെയാണ് കിട്ടുന്നത്. അതുകൊണ്ട് വിശുദ്ധഖുർആനിൽ, നമുക്ക് മാത്രമല്ലാത്ത, മറിച്ച് നമ്മുടെ തലമുറകൾക്കു വേണ്ടിയുള്ള ദുആകളും അല്ലാഹു പഠിപ്പിച്ചു. തലമുറ തലമുറയായി നമ്മൾ അല്ലാഹു പഠിപ്പിച്ച ഈ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ ആരാധനകൾ അനുഷ്ഠിക്കുന്ന തലമുറയേയും ഈ ദുആയുടെ ഫലമായി അവൻ സൃഷ്ടിച്ചുകൊണ്ടേയിരിക്കും. പറയുന്നു:

***റബ്ബിജ്അൽനീ മുഖീമസ്സ്വലാത്തി വമിൻ ദുർരിയ്യത്തീ റബ്ബനാ വ തഖബ്ബൽ ദുആഅ്.***

എന്റെ നാഥാ, നീ എന്നെ നമസ്കാരം നല്ലപോലെ നിർവ്വഹിക്കുന്നവനാക്കേണമേ; എന്റെ സന്തതികളേയും. ഞങ്ങളുടെ നാഥാ, എന്റെ പ്രാർത്ഥന സ്വീകരിച്ചാലും. (*14:41*)

ഞാൻ പറഞ്ഞതുപോലെ, അല്ലാഹുതആല കഴിഞ്ഞുകടന്ന നബിമാർ മുഖേനയും ദുആ പഠിപ്പിച്ചുതന്നു. ഈ ദുആ ഹസ്റത്ത് ഇബ്റാഹീം(അ) ചെയ്തതാണ്. ഏതുപോലെ എന്നെ നമസ്കാരത്തിൽ നിലനിറുത്തിയോ അതുപോലെ എന്റെ സന്തതികളേയും നിലനിറുത്തിയാലും. പിന്നീട് അദ്ദേഹത്തിന്റെ സന്തതികളിൽനിന്ന്, എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനായ ആ നബി ജന്മംകൊള്ളാൻ പോകുകയായിരുന്നു. ഈ ദുആ ഹസ്റത്ത് ഇബ്റാഹീം(അ), നബി(സ) തിരുമേനിയ്ക്കുവേണ്ടിയും ചെയ്തിരുന്നു; അവിടത്തെ സമുദായത്തിലും നമസ്കാരക്കാർ ഉണ്ടായിക്കൊണ്ടേയിരിക്കാൻ. ഈ ദുആ നബി(സ) തിരുമേനിയുടെ അത്യുന്നത പദവിയേയും പ്രകടിപ്പിക്കുന്നുണ്ട്. അവിടത്തേക്കും അവിടത്തെ സമുദായത്തിനും വേണ്ടി ഹസ്റത്ത് ഇബ്റാഹീം(അ) ദുആ ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ടാണ് അല്ലാഹു ഈ ദുആ നമുക്ക് പഠിപ്പിച്ചുതന്നത്. ഹസ്റത്ത് ഇബ്റാഹീം(അ) നമസ്കാരത്തെ നിലനിറുത്തുന്ന ആളായിരുന്നു. അവിടന്ന് ഇങ്ങനെ ദുആ ചെയ്തു. ഞാനും നമസ്കാരം നിലനിറുത്തുന്നവരുടെ ഇമാമാണ്. അതിനാൽ എപ്പോഴും ആ നിലയിൽ ഞാനും എന്റെ തലമുറയും നമസ്കാരം നിലനിറുത്തുന്നവരായിക്കൊണ്ടേയിരിക്കണം.

നബി(സ) തിരുമേനിയ്ക്ക് ഈ ദുആയെക്കുറിച്ച് അറിവു നല്കിക്കൊണ്ട് ഒന്നാമതായി അവിടന്ന് ആ പദവിയിലെത്തിയിരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു. നമസ്കാരം നിലനിറുത്തിക്കൊണ്ട് തന്റെ സമുദായത്തിലും നമസ്കാരം നിലനിറുത്തുന്നവരുണ്ടാകാൻ വേണ്ടിയുള്ള പ്രാർത്ഥന നടത്തുന്ന സ്ഥാനത്ത് അവിടന്നും എത്തിയിരുന്നു. രണ്ടാമതായി, ഹസ്റത്ത് ഇബ്റാഹീം നബി(അ)യുടെ സന്താനങ്ങളിൽനിന്ന് നബിമാരെ സൃഷ്ടിച്ചുകൊണ്ടിരുന്നു. നബി(സ)യുടെ ഉമ്മത്തിനെക്കുറിച്ചും അല്ലാഹു പറഞ്ഞു: നിന്റെ സമുദായത്തിലും, ബനുഇസ്റായിൽ നബിമാർക്ക് തുല്യരായ സൽപ്രകൃതക്കാരായ ആലിംകളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതാണ്. ഇവിടെ പറഞ്ഞത് സൽപ്രകൃതക്കാരായ ആലിംകളെ സംബന്ധിച്ചാണ്. ഇക്കാലത്ത് മസീഹ് മഹ്ദിയെ വിശ്വസിച്ചവരാണവർ. രാഷ്ട്രീയത്തിന്റെ പിടിയിലകപ്പെട്ടിരിക്കുന്ന ആലിംകളല്ല. ആ ഉലമാക്കൾ മുഖേന അല്ലാഹുവിന്റെ ഏകത്വം നിലനാട്ടുന്നവരും ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരുമായ ആളുകൾ പിറവിയെടുത്തുകൊണ്ടിരിക്കുന്നു.

ഹസ്റത്ത് ഇബ്റാഹീം(അ)ന്റെ ഈ ദുആ ഒരു നിസ്സാര ദുആ ആയിരുന്നില്ല. അത് ഖിയാമത്തുന്നാൾ വരെയുള്ള ദുആ ആയിരുന്നു. ഇന്ന് നബി(സ) തിരുമേനിയുടെ സമുദായത്തിലല്ലാതെ, നമസ്കാരം നിലനിറുത്താൻ ശ്രമിക്കുന്നവരായി ആരും തന്നെയില്ല. ഹസ്റത്ത് ഇബ്റാഹീം(അ)യുടെ സമുദായത്തിൽ നിരവധി നബിമാർ ജന്മംകൊണ്ടു. അവരിൽ നബി(സ)യുടെ സമുദായത്തിൽ നിലകൊള്ളുന്നവർ മാത്രമാണ് നമസ്കാരം നിലനിറുത്താൻ ശ്രമിക്കുന്നത്. ഇന്ന് മുഴുലോകത്തും സൽപ്രകൃതക്കാരായ മുസ്ലിംകൾ മാത്രമാണ് നമസ്കാരം നിലനിറുത്തുവാൻ വേണ്ടി പരിശ്രമിക്കുന്നത്. അല്ലാഹുതആല,നബി(സ) തിരുമേനി മുഖേനതന്നെ, ലോകം മുഴുവൻ നമസ്കാരം നിലനിറുത്താൻ നടപടി സ്വീകരിക്കണമായിരുന്നു. കാരണം അവിടന്ന് മാത്രമാണ് മുഴുലോകത്തിനും വേണ്ടി നിയോഗിക്കപ്പെട്ട നബി. അതുകൊണ്ട് നബിമാരുടെ പിതാവായ ഹസ്റത്ത് ഇബ്റാ

ഹീം(അ)നെകൊണ്ട് ഈ ദുആ ചെയ്യിച്ചു. അത് പ്രവചനത്തിന്റെ നിറമുൾക്കൊള്ളുന്നതാണ്. ഈ പ്രവചനം പുലർന്നു. അല്ലാഹുതആല ഈ ദുആ ഖുർആനിൽ സ്മരിച്ചുകൊണ്ട്, നമസ്കാരം നിലനിറുത്താനുള്ള ഉത്തരവാദിത്തം ഈ സമുദായത്തിനേയും ഏല്പിച്ചു. നമസ്കാരം നിലനിറുത്തുക എന്നത്, ഏകനായ അല്ലാഹുവിന്റെ മുമ്പിൽ കുനിയലും ഏകത്വത്തെ നിലനിർത്തുന്ന അടയാളവുമാണ്. അവസാനകാലത്ത് നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച്, അവിടത്തെ ആത്മീയപുത്രനും, മസീഹ് മഹ്ദിയും വരേണ്ടതുണ്ടായിരുന്നു. അദ്ദേഹം ഈ ഏകത്വം സ്ഥാപിക്കുകയും നമസ്കാരം നിലനിറുത്താനുള്ള ഏർപ്പാട് ചെയ്യുകയും വേണമായിരുന്നു. ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഉത്തരവാദിത്തമാണിത്. കാരണം അത് മുഹമ്മദീ മസീഹിന്റെ ജമാഅത്താണ്. ഇന്ന് ലോകത്തിന്റെ മുക്കിലും മൂലയിലുമെല്ലാം അല്ലാഹു അതിനെ വ്യാപിപ്പിച്ചിരിക്കുന്നു. ലോകത്തിന്റെ ഓരോ കോണിലും, വിവിധ സമയങ്ങളാണ്. അവിടങ്ങളിലെല്ലാം നമസ്കാരസമയമായാൽ നമസ്കാരം നിലനിറുത്താൻ ശ്രമിച്ചുകൊണ്ടിരിക്കണം; ഇക്കാരണത്താൽ ഒരു ജമാഅത്ത് എന്ന നിലയിൽ അഹ്മദിയ്യാ ജമാഅത്തും, ഓരോ അഹ്മദിയും എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ അവകാശികളായിക്കൊണ്ടിരിക്കണം. നമ്മളിൽ അധികംപേരും, സ്വലാത്ത് ചൊല്ലിയതിനുശേഷം സലാം വീട്ടുന്നതിനുമുമ്പേ ഈ ദുആയും ചൊല്ലാറുണ്ട്. ഈ ദുആയിൽ ചിന്തിക്കുക. ഒരു ചിന്തയോടുകൂടി ഈ ദുആ സ്വീകരിക്കാൻ അർത്ഥിക്കേണ്ടതാണ്; തലമുറയിലും ജമാഅത്തിലെ ഓരോ അംഗങ്ങളിലും നമസ്കാരം നിലനിറുത്താൻ ശ്രദ്ധ ഉണ്ടാകുന്നതിനുവേണ്ടി. ഈ ദുആ അല്ലാഹുവിന്റെ ഏകത്വം നിലനാട്ടുന്നതിനുവേണ്ടി മാത്രമുള്ളതാണ്. ഈ ദുആ സ്വീകരിക്കാതെ തിരിച്ചയക്കുക എന്നത് ഒരിക്കലും സംഭവിക്കുകയില്ല. ഈ റമളാന്റെ ദിനങ്ങളിൽ ഒരു ശ്രദ്ധയോടുകൂടി നമസ്കരിക്കണമെന്ന് ഓരോരുത്തർക്കും വിചാരമുണ്ടാകും. ശ്രദ്ധയോടുകൂടി ഈ ദുആ ചെയ്യുമ്പോൾ, റമളാനുശേഷവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമസ്കാരം നിലനിന്നുപോകും. ഈ ദുആ തീർച്ചയായും സ്വീകാര്യതയുടെ സ്ഥാനം പ്രാപിക്കും. നബി (സ) തിരുമേനി, തന്റെ കണ്ണിന്റെ കുളിർമ്മയാണ് നമസ്കാരം എന്ന് പറഞ്ഞിരിക്കുന്നു. ആ നബി(സ) യെ അനുധാവനം ചെയ്തുകൊണ്ട് നമ്മളും ആ ജീവിതമാതൃക അനുസരിച്ച് നടക്കാൻ ശ്രമിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഇപ്പോൾ അതിനുള്ള നല്ല അവസരമാണ്. ഇതുമുഖേന ഒരു ദാസൻ അല്ലാഹുവിന്റെ യഥാർത്ഥ ദാസനായിക്കൊണ്ട്, അവന്റെ സമീപസ്ഥനായിത്തീരുന്നു. ഈ അനുഗ്രഹം കരസ്ഥമാക്കുന്നതിനായി അല്ലാഹു നൽകിയിട്ടുള്ള അവസരമായ റമളാനിൽ നാം വീണ്ടുമൊരിക്കൽകൂടി കടന്നിരിക്കുകയാണ്. ഇതിൽനിന്ന് പൂർണ്ണമായും ഫലമെടുക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***ശഹ്റു റമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ,*** ഇതിൽനിന്നും റമളാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നു. ഹൃദയത്തെ പ്രകാശിപ്പിക്കുന്നതിനുള്ള ഉത്തമമാസമാണിതെന്ന് സൂഫികൾ എഴുതിയിരിക്കുന്നു. ഇതിൽ അധികമായി ദിവ്യദർശനങ്ങൾ ഉണ്ടാകുന്നു. നമസ്കാരം മനസ്സിനെ ശുദ്ധീകരിക്കുന്നു. നോമ്പ് ഹൃദയത്തെ പ്രകാശമയമാക്കിത്തീർക്കുന്നു. മനസ്സിന്റെ ശുദ്ധീകരണം എന്നതിന്റെ വിവക്ഷിതം ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛുകളിൽ നിന്നും അകൽച്ച ലഭിക്കുക എന്നതാണ്. ഹൃദയം പ്രകാശിക്കുന്നതുകൊണ്ടുള്ള വിവക്ഷിതം ദിവ്യദർശനത്തിന്റെ വാതിൽ അല്ലാഹുവിനെ കാണുന്നതിനായി അവനിൽ തുറക്കുക എന്നതാണ്."

തിന്മയിൽനിന്നകലുന്നതിനും, നന്മയിൽ അഭിവൃദ്ധിപ്പെടുന്നതിനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ഈ മാസത്തിൽ ഓരോ അഹ്മദിയും പ്രത്യേകം പരിശ്രമിക്കേണ്ടതാണ്. നമസ്കാരം മനോഹരമായി നമസ്കരിക്കാൻ ശ്രമിക്കേണ്ടതാണ്. അതിനായി അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കാൻ ദുആ ചെയ്യേണ്ടതാണ്. അല്ലാഹുതആല ഓരോ അഹ്മദിക്കും ഈ ദുആയെക്കുറിച്ചുള്ള ഉള്ളറിവും ഗ്രാഹ്യവും നല്കിക്കൊണ്ട് അവനോട് എപ്പോഴും ഈ ദുആ ചെയ്തുകൊണ്ടിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ; എപ്പോഴും ഈ നമസ്കാരം ജമാഅത്തിനെ മറ്റുള്ളവരിൽനിന്ന് വ്യത്യാസപ്പെടുത്തി കാണിക്കുന്ന ഒന്നായിത്തീരുന്നതിനുവേണ്ടി.

അല്ലാഹു ഇബ്റാഹീം(അ) ചെയ്ത ഈ ദുആയും ഖുർആനിൽ നമുക്ക് പറഞ്ഞുതന്നു.

***റബ്ബനാ വജ്അൽനാ മുസ്‌ലിമയ്നി ലക്ക വമിൻദുർരിയ്യത്തിനാ ഉമ്മത്തൻമ്മുസ്‌ലിമത്തൻല്ലക്ക വ അരിനാ മനാസികനാ വതുബ് അലയ്നാ ഇന്നക്ക അൻതത്തവ്വാബുർറഹീം***

ഞങ്ങളുടെ നാഥാ, നീ ഞങ്ങളിരുവരേയും നിന്നെ അനുസരിക്കുന്നവരാക്കുകയും, ഞങ്ങളുടെ സന്തതികളിൽനിന്ന് നിന്നെ അനുസരിക്കുന്ന ഒരു

സമുദായത്തെ എഴുന്നേല്പിക്കുകയും ചെയ്യേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചുതരേണമേ. നീ ഞങ്ങളുടെനേരെ കാരുണ്യത്തോടെ തിരിയേണമേ. നിശ്ചയമായും നീ തന്നെയാകുന്നു നിന്റെ ദാസന്മാരുടെനേരെ വളരെയധികം ശ്രദ്ധ തിരിക്കുന്നവനും കരുണാമയനും. (2:129) നമസ്കാരം എന്നെന്നും നിലനിറുത്താനും, ആരാധനാകർമ്മങ്ങളെ ജീവിപ്പിച്ചുനിറുത്തുന്നതിനും വേണ്ടി ഈ ദുആ പഠിപ്പിച്ചിരിക്കുകയാണ്. ആരാധനയുടെയും, ത്യാഗങ്ങളുടെയും ഉദ്ദേശ്യവും തത്ത്വവും മനസ്സിലാക്കിക്കൊണ്ട്, ആരാധിക്കുന്നവരും ത്യാഗങ്ങൾ വരിക്കുന്നവരുമായ തലമുറയെ അല്ലാഹു സൃഷ്ടിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ഇതെല്ലാം, അല്ലാഹുവേ, നിന്റെ പ്രത്യേക അനുഗ്രഹവും മാർഗ്ഗദർശനവും കൊണ്ടുമാത്രമേ ലഭിക്കുകയുള്ളൂ. അതുകൊണ്ട് നിന്റെ നേരിട്ടുള്ള മാർഗ്ഗദർശനം ലഭിക്കുന്ന അത്തരമാളുകളെ നീ സൃഷ്ടിച്ചുകൊണ്ടേയിരിക്കേണമേ. നിന്റെ മാർഗ്ഗദർശനത്തിൽനിന്ന് ഈ സമുദായം ഒരിക്കലും പിന്തള്ളപ്പെടരുത്. ഇബ്റാഹീം നബി(അ) ചെയ്ത ഈ ദുആയുടെ ഫലം നബി(സ) ആണ്. അതുകൊണ്ട് നബി(സ) തിരുമേനിയും ഈ ദുആ ചെയ്തു. ആ മഹാത്മാവിന്റെ അനുചരന്മാരിൽ എന്തു മാറ്റമാണ് ഉണ്ടായതെന്ന് ലോകം കണ്ടു. അവരുടെ രാത്രി ആരാധനാകർമ്മങ്ങളിലും പകൽ, അല്ലാഹുവിന്റെ വഴിയിൽ ത്യാഗങ്ങൾ ചെയ്തും കഴിഞ്ഞു. അവിടത്തെ ദുആ അവിടത്തെ കാലത്തേക്കുമാത്രം പരിമിതമായിരുന്നില്ല. അല്ലാഹുവിന്റെ തിരുസന്നിധിയിൽ, ഖിയാമത്തുന്നാൾവരേയും അത് സ്വീകാര്യമായിത്തീർന്നു. ഹസ്റത്ത് ഇബ്റാഹീം നബി(അ)യുടെ ദുആയുടെ ഫലമായി, ഞാൻ പറഞ്ഞതുപോലെ നബി(സ) ആഗതനായി. അവിടത്തെ ഉമ്മത്ത് അനശ്വരമായ കാഴ്ചകൾ കാണാൻ തുടങ്ങി. നബി(സ)യുടെ ഉമ്മത്തിനെ അല്ലാഹുതആല പരിപൂർണ്ണമായ നിലയിൽ അജ്ഞതയിൽ വിട്ടില്ല. ആയിരം വർഷത്തെ അന്ധകാര കാലഘട്ടമുണ്ടായി. അക്കാലത്തും മുജദ്ദിദുമാരും ഔലിയാക്കന്മാരും മുഖേന, ഒരുസംഘം എപ്പോഴും ശരിയായനിലയിൽ നബി(സ) കൊണ്ടുവന്ന അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരായി ഇവിടെ നിലനിന്നു. പിന്നീട് മുജദ്ദിദ് ആഖിറുസ്സമാനും, ഖാത്തമുൽ ഖുലഫാഉം ഖാത്തമുൽഔലിയായുമായ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹുതആല നബി(സ) തിരുമേനിയുടെ ദുആ സ്വീകരിച്ചുകൊണ്ട് എഴുന്നേല്പിച്ചു. അദ്ദേഹം ഇസ്ലാമിന്റെ ശരിയായ അദ്ധ്യാപനങ്ങളും രീതിയും നമ്മെ പഠിപ്പിച്ചു. സാഹചര്യമനുസരിച്ച് അല്ലാഹുവിന്റെ വൃത്തത്തിനുള്ളിൽ നിന്നുകൊണ്ട് ചെയ്യുന്ന ശരിയായ കർമ്മം മാത്രമേ യഥാർത്ഥത്തിലുള്ള ത്യാഗവും ആരാധനയും എന്ന് പറയപ്പെടുകയുള്ളൂ. അവിടന്ന് പറഞ്ഞു. അതുകൊണ്ട് എവിടെയാണോ അല്ലാഹുവിനോടുള്ള കടമ നിറവേറ്റേണ്ടത്, അവന്റെ കല്പനയനുസരിച്ച് അത് ചെയ്യേണ്ടത് നിർബന്ധമാണ്. അത് അല്ലാഹുവിന്റെ സാമീപ്യം കിട്ടുന്നതിന് മാർഗ്ഗമായിത്തീരുന്നു. ഇതാണ് ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം. അത്തരക്കാരുടെ ദുആ സ്വീകരിച്ചുകൊണ്ട്, അല്ലാഹു അവരിലേക്ക് ശ്രദ്ധ തിരിക്കുകയും കരുണ ചെയ്യുകയും ചെയ്യുന്നു.

നബി(സ) തിരുമേനിയും, തന്നോട് ചോദിക്കുന്നവർക്ക് അവരുടെ അവസ്ഥയനുസരിച്ച് വിവിധ രീതിയിൽ മാർഗ്ഗദർശനം നല്കിയിരുന്നു. ഉദാഹരണത്തിന്, വലിയ നന്മ എന്താണ് എന്ന് ഒരാൾ ചോദിച്ചപ്പോൾ, ജിഹാദാണെന്ന് പറഞ്ഞു. വേറൊരാൾ ചോദിച്ചപ്പോൾ ധനത്യാഗമാണെന്ന് പറഞ്ഞു. ആരാധനയിൽ ബലഹീനനായ ഒരാൾ ചോദിച്ചപ്പോൾ, തഹജ്ജുദ് നമസ്കാരം ഏറ്റവും വലിയ നന്മയാണെന്ന് പറഞ്ഞു. ജിഹാദിനെ ഭയപ്പെട്ടിരുന്ന ഒരാളോടു പറഞ്ഞു, ജിഹാദ് ചെയ്യൽ ഏറ്റവും വലിയ നന്മയാണെന്ന്. ബന്ധുക്കളോടുള്ള കടമ നിറവേറ്റുന്നതിനെക്കുറിച്ച് പഞ്ഞു, ഇത് വളരെ വലിയ നന്മയാണെന്ന്.

അതുകൊണ്ട്, സാഹചര്യമനുസരിച്ച് പ്രവർത്തിക്കലാണ് യഥാർത്ഥത്തിൽ ശരിയായ നന്മ. ഈ നന്മകൾ പിന്നീട് ആരാധനയുടെ നിറം പകരുന്നതായിരിക്കും. ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ വാഗ്ദത്ത മസീഹ്, ഏത് കാര്യത്തിലേക്കാണോ നമ്മുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്, അതുതന്നെയാണ് ആരാധനയുടെയും ത്യാഗങ്ങളുടേയും ശരിയായ മാർഗ്ഗം. നബി(സ) തിരുമേനി ശത്രുക്കളുടെ ആക്രമണം കാരണത്താൽ, ഒരുകാലത്ത് വാൾകൊണ്ടുള്ള ജിഹാദിനെ അല്ലാഹുവിന്റെ കല്പനയാൽ നിർബന്ധമാക്കിയെങ്കിൽ, ഇന്ന് ത്യാഗത്തിന്റെ മാനദണ്ഡം തൂലികകൊണ്ടുള്ള ജിഹാദാണ്. ഇസ്ലാമിക പ്രബോധനമാണ്. ഇസ്ലാമിന്റെ ശാന്തിയുടെയും സമാധാനത്തിന്റേയും മനോഹരമായ അദ്ധ്യാപനം, ലോകത്തിന് എത്തിച്ചുകൊടുക്കലാണ്. ഇന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഖുർആന്റേയും ഇസ്ലാമിന്റേയും അദ്ധ്യാപനങ്ങൾ മനസ്സിലാക്കിക്കൊണ്ട് നമുക്കെന്താണോ പഠിപ്പിച്ചിട്ടുള്ളത്, ഏതൊന്നിലേക്കാണോ നമ്മെ ക്ഷണിച്ചിട്ടുള്ളത് അതുതന്നെയാണ് യഥാർത്ഥ ആരാധനയും, ത്യാഗങ്ങളുടെ

മാർഗ്ഗവും. ഇത് ഓരോ അഹ്മദിയും സ്വായത്തമാക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) ശരീഅത്ത് വിരുദ്ധമായ ഒരു കല്പനയും നല്കിയിട്ടില്ല. ഏതൊരു കാര്യങ്ങൾ ചില ഉലമാക്കൾ തെറ്റായി മനസ്സിലാക്കിക്കൊണ്ട് പരത്താൻ ആഗ്രഹിച്ചുവോ, യഥാർത്ഥത്തിൽ അതെന്താണെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) ശരിയായ മാർഗ്ഗദർശനം നൽകി. അതുകൊണ്ട് നാം ഈ ദുആയോടും, ഈ അദ്ധ്യാപനത്തോടും ഈ ശരിയായ ഇസ്ലാമിക അദ്ധ്യാപനത്തോടുമൊപ്പം ചേർന്നിരിക്കേണ്ടതാണ്. എന്നാൽ, അല്ലാഹു നമ്മുടെ തെറ്റുകൾ പൊറുത്തുകൊണ്ട് നമ്മളിൽ കരുണ ചെയ്തുകൊണ്ടിരിക്കും. കാരണം ഇക്കാലഘട്ടത്തിൽ ജനങ്ങൾക്ക് ശരിയായ മാർഗ്ഗദർശനം നല്കേണ്ട ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം നബി(സ) തിരുമേനിയുടെ ദുആകളുടെ കനിയാണ്.

അല്ലാഹു പഠിപ്പിച്ച ചില ദുആകൾ വിശദീകരണമൊന്നും കൂടാതെ ഞാൻ പറയുകയാണ്. പാപപ്പൊറുതി തേടുന്നതിനും കാരുണ്യം ചോദിക്കുന്നതിനും അല്ലാഹു ചില ദുആകൾ പഠിപ്പിച്ചിട്ടുണ്ട്. പറഞ്ഞു: ***വ ഖുർറബ്ബിഗ്ഫിർ വർഹം വ അൻത ഖയ്റുർറാഹിമീൻ.*** നീ പറയുക. എന്റെ രക്ഷിതാവേ! നീ പൊറുത്തുതരികയും കരുണ ചെയ്യുകയും ചെയ്യേണമേ. നീ കരുണ ചെയ്യുന്നവരിൽ ഉത്തമനാകുന്നു. (23:119)

വിശ്വാസത്തിന് ശക്തി ലഭിക്കുന്നതിനായി അല്ലാഹു ഈ ദുആ പഠിപ്പിച്ചു. ***റബ്ബനാ ഇന്നനാ ആമന്നാ ഫഗ്ഫിർലനാ ദുനൂബനാ വഖിനാ അദാബന്നാർ.***

ഞങ്ങളുടെ നാഥാ, ഞങ്ങൾ തീർച്ചയായും വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങളെ നരകശിക്ഷയിൽനിന്ന് കാത്തുരക്ഷിക്കേണമേ. (*3:17*)

ശുഭപര്യവസാനത്തിനും പൊറുക്കലിനും ഉറച്ചുനില്ക്കുന്നതിനുമുള്ള ഈ ദുആയും പഠിപ്പിച്ചു. ***റബ്ബനാ ഇന്നനാ സമിഅ്നാ മുനാദിയ്യൻ.... മഅൽ അബ്റാർ.*** ഞങ്ങളുടെ നാഥാ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരാളുടെ വിളി ഞങ്ങൾ കേട്ടു. നിങ്ങളുടെ നാഥനെ വിശ്വസിക്കുക എന്ന് അദ്ദേഹം വിളിച്ചുപറയുന്നു. അപ്പോൾ ഞങ്ങൾ വിശ്വസിച്ചു. ഞങ്ങളുടെ രക്ഷിതാവേ! അതുകൊണ്ട് ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിന്മകളെ ഞങ്ങളിൽനിന്ന് അകറ്റിക്കളയുകയും സുകൃതവാന്മാരുടെ കൂടെ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ. (*3:194*)

ഈ ദുആയും വിശ്വാസത്തിൽ ശക്തിയാർജ്ജിക്കാൻ വേണ്ടിയുള്ളതാണ്. അല്ലാഹുവിന്റെ പൊറുക്കൽ കരസ്ഥമാക്കുന്നതിനും നല്ല പര്യവസാനം ഉണ്ടാകുന്നതിനും വേണ്ടിയാണ്. അല്ലാഹുവേ! ഞങ്ങളുടെ പാപങ്ങളുടെ പെരുപ്പവും, ഞങ്ങളുടെ ബലഹീനതയും ഞങ്ങളുടെ വീഴ്ചകളും, ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് ആത്മീയമായി ഉയരാൻ ശ്രമിക്കുന്ന ഞങ്ങളുടെ വഴിയിൽ തടസ്സമാകരുതേ. ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചശേഷം, ഞങ്ങളുടെ ദുഷ്ക്കർമ്മങ്ങളുടെ ഫലമായി, ആ പ്രകാശത്തിൽനിന്ന് ഞങ്ങൾ അകന്നുപോകാനിടയാകരുത്. അത് യഥാർത്ഥത്തിൽ നിന്റെ പ്രകാശത്തിന്റെ വെളിച്ചമാണ്. ഈ വന്നയാളാണ് ഞങ്ങൾക്കത് തന്നത്. അതുകൊണ്ട് എന്റെ പാപം പൊറുത്തുതന്നാലും. വരുംകാലങ്ങളിലും ഈ പാപത്തിൽനിന്ന് രക്ഷിച്ചാലും. ഈ വാദിയുടെ വാദത്തിൽ പരിപൂർണ്ണമായും വിശ്വസിക്കുന്നവരുടേയും അതിൽ ഭാഗഭാക്കാകുന്നവരുടേയും കൂട്ടത്തിൽ ഞങ്ങളെ ഉൾപ്പെടുത്തിയാലും. എന്റെ സമയം വരുമ്പോൾ, സുകൃതവാന്മാരിൽ ചെന്നുചേരുന്ന ഒരവസ്ഥ എനിക്കുണ്ടാകേണമേ.

***റബ്ബനഗ്ഫിർലനാ ദുനൂബനാ വഇസ്റാഫനാ... കാഫിരീൻ.*** ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിർത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. (*3:148*)

അല്ലാഹുതആല തന്റെ അടിയാന്മാരുടെമേൽ വളരെ ദയാലുവാണ്. അവനാണ് ഈ ദുആ നമ്മെ പഠിപ്പിച്ചത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു പാപം പൊറുക്കുന്നവനല്ലായിരുന്നെങ്കിൽ, ഈ ദുആ പഠിപ്പിക്കുമായിരുന്നില്ല. ഈ ദുആ നമ്മെ പഠിപ്പിക്കുന്നവനാണ് നമ്മുടെ ദൈവം. നമ്മൾ നന്മയിൽ നിലകൊള്ളുന്നതിനും, ചെയ്തുപോയ പാപങ്ങൾക്ക് മാപ്പ് ചോദിക്കുന്നതിനും, അറിഞ്ഞുകൊണ്ട് പാപം ആവർത്തിക്കുന്നവരാകാതിരിക്കാനും വേണ്ടിയാണ് അല്ലാഹു ദുആ പഠിപ്പിച്ചിട്ടുള്ളത്.

ഈയിടെ പാക്കിസ്ഥാനുൾപ്പെടെ ചില രാജ്യങ്ങളിൽ അഹ്മദികൾക്കെതിരെ ഇടയ്ക്കിടെ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ഘട്ടത്തിൽ ഈ ദുആയിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്; നമ്മുടെ പാദങ്ങൾ ഉറച്ചുനില്ക്കുന്നതിനും

എതിരാളികൾക്കെതിരെ അല്ലാഹു സഹായിക്കുന്നതിനും വേണ്ടി.

പിന്നീടൊരു ദുആ പഠിപ്പിച്ചു. ***റബ്ബനാ ള്വലംനാ അൻഫുസനാ... ഖാസിരീൻ***

ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടുതന്നെ തെറ്റു ചെയ്തുപോയി. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽ പെട്ടുപോകും. (*7:24*)

അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും സ്വരുക്കൂട്ടുന്നതിന് ഇത് വളരെ പ്രധാനപ്പെട്ട ദുആയാണ്. ചില ദുആകൾ കാര്യമറിയാതെ ചൊല്ലിപ്പോകാറുണ്ട്. അതുകൊണ്ട് ഇതിന്റെ ദുസ്വാധീനത്തിൽനിന്ന് സുരക്ഷിതരായിരിക്കാൻ സ്ഥിരമായിട്ട് ഇസ്തിഗ്ഫാർ ചെയ്യേണ്ടത് വളരെ നിർബന്ധമാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിനെ കുറ്റം പറയുന്ന ഒരുപാടാളുകളുണ്ട്. അവർ തങ്ങളുടെ ആത്മാവിനെ നോക്കുകയില്ല. എന്തെങ്കിലും ശിക്ഷയോ പിടിത്തമോ വരുമ്പോൾ, തങ്ങളിലേക്ക് നോക്കുന്നതിനു പകരം അല്ലാഹുവിനെ കുറ്റം പറയാൻ തുടങ്ങുന്നു. എത്രമാത്രം നന്മ തങ്ങൾ ചെയ്യുന്നുണ്ടെന്ന് അവർ നോക്കുകയില്ല. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് എത്രമാത്രം പ്രവർത്തിക്കുന്നവരാണെന്നും നോക്കുകയില്ല.

പറഞ്ഞു, മനുഷ്യന്റെ ആത്മാവ് തന്നെയാണ് അക്രമം ചെയ്യുന്നത്. അല്ലാഹു കരുണാമയനും ഉദാരനുമാണ്. ചിലയാളുകൾക്ക് പാപങ്ങളെ കുറിച്ചറിയാം. ചിലയാളുകൾക്ക് പാപങ്ങളെ കുറിച്ചറിയില്ല. അതുകൊണ്ട് അല്ലാഹു എപ്പോഴത്തേക്കുമായി ഇസ്തിഗ്ഫാറിനുള്ള ഏർപ്പാട് ചെയ്തിരിക്കുന്നു. പ്രത്യക്ഷമായതും അപ്രത്യക്ഷമായതും, അറിവുള്ളതും അറിവില്ലാത്തതും കൈയും കാലും നാവും മൂക്കും ചെവിയും കണ്ണും തുടങ്ങി എല്ലാതരം പാപങ്ങളിൽനിന്നും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. (മനുഷ്യശരീരത്തിന്റെ ഓരോ അവയവവും പാപം ചെയ്യുന്നു. അപ്പോൾ അതിൽനിന്നെല്ലാം രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്) പറഞ്ഞു. ഈ ദിനങ്ങളിൽ ഹസ്റത്ത് ആദം(അ)ന്റെ ദുആ ചൊല്ലേണ്ടതാണ്. ***റബ്ബനാ ള്വലംനാ അൻഫുസനാ വ ഇൻല്ലംതഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.*** ഈ ദുആ ആദ്യംതന്നെ സ്വീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉപദേശമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട്, ഈ ദുആയിലേക്ക് നാം ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. കാരണം ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തേക്കാളേറെ പാപങ്ങൾ പരന്നിരിക്കുകയാണ്. അവിടന്ന് പറഞ്ഞത് ഇക്കാലത്ത് ആദം(അ)ന്റെ ദുആ ചൊല്ലണമെന്നാണ്. അതുകൊണ്ട് ഇതിലേക്ക് ഒരുപാട് ശ്രദ്ധിക്കുക. അല്ലാഹു എല്ലാവരെയും ഇതിൽനിന്ന് സുരക്ഷിതമാക്കിവയ്ക്കുമാറാകട്ടെ. അല്ലാഹുവിന്റെ റഹ്മത്ത് എപ്പോഴും എല്ലാവരുടേയും കൂടെ ഉണ്ടാകുമാറാകട്ടെ.

ഈ ദുആയെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആദമും ശയ്ത്വാനുമായി യുദ്ധമുണ്ടായപ്പോൾ, ആ സമയത്ത് ദുആയല്ലാതെ മറ്റൊന്നും പ്രയോജനപ്പെട്ടില്ല. അവസാനം ശയ്ത്വാന്റെ മേൽ, ആദം ദുആ മുഖേന വിജയംവരിച്ചു. ആ ദുആ ഇതായിരുന്നു. ***റബ്ബനാ ള്വലംനാ അൻഫുസനാ വഇൻലംതഗ്ഫിർലനാ വതർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.*** വീണ്ടും പറഞ്ഞു. ഏതുപോലെ തുടക്കത്തിൽ ശയ്ത്വാനിൽനിന്ന് ദുആ മുഖേന ആദം തന്നെ സംരക്ഷിച്ചുവോ അതുപോലെ അവസാന കാലഘട്ടത്തിലും ദുആ മുഖേനതന്നെ വിജയമുണ്ടാകുന്നതാണ്; വാൾ കൊണ്ടല്ല. ഒന്നാമത്തെ ആദമിന് ശയ്ത്വാന്റെമേൽ വിജയം ലഭിച്ചത് ദുആ മുഖേനതന്നെയായിരുന്നു. അവസാനകാലത്ത് ശയ്ത്വാനുമായി അവസാനയുദ്ധം ചെയ്യുന്ന രണ്ടാമത്തെ ആദമിനും ഇതേപോലെ വിജയം ലഭിക്കുന്നതാണ്.

വ്യക്തിപരമായി ഈ ദുആ ചെയ്യുന്നതിനോടൊപ്പം ജമാഅത്തിന്റെ അഭിവൃദ്ധിക്കും ഈ ദുആ വളരെ അനിവാര്യമാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു ആദം എന്നു പറഞ്ഞിരിക്കുന്നു. അതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതും.

പിന്നീട് ഒരു ദുആ പഠിപ്പിച്ചു. റ***ബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനത്തൻവ്വ ഫിൽആഖിറത്തി ഹസനത്തൻവ്വഖിനാ അദാബന്നാർ***. ഞങ്ങളുടെ നാഥാ! ഐഹികജീവിതത്തിൽ ഞങ്ങൾക്ക് നീ നന്മ നൽകേണമേ; പരലോകത്തും നീ ഞങ്ങൾക്ക് നന്മ നൽകേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കേണമേ. (*2:202*) നബി(സ) അധികമധികമായി ഈ ദുആ ചെയ്യാറുണ്ടായിരുന്നു. സഹാബത്തിനോടും ഉപദേശിക്കുകയും ചെയ്യുമായിരുന്നു. പരലോകത്തെ നന്മകൾ മാത്രമല്ല ഇഹലോകത്തെ നന്മകളും തേടാൻ പറയുമായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അനസ്(റ) പറയുന്നു: നബി(സ) ഒരു മുസ്‌ലിം

രോഗിയെ സന്ദർശിച്ചു. അയാൾ രോഗം കാരണം ക്ഷീണിച്ച് എല്ലും തൊലിയുമായിക്കഴിഞ്ഞിരുന്നു. താങ്കൾ എന്തെങ്കിലും പ്രത്യേകമായ പ്രാർത്ഥന ചെയ്യാറുണ്ടോ എന്ന് നബി(സ) അയാളോടു ചോദിച്ചു. അയാൾ പറഞ്ഞു, ചെയ്യാറുണ്ട്. അല്ലാഹുവേ ഏതൊരു ശിക്ഷയാണോ നീ പരലോകത്ത് എനിക്ക് തരാൻ വെച്ചിട്ടുള്ളത് അത് ഈ ലോകത്ത് തരേണമേ എന്നാണ് പ്രാർത്ഥിക്കുന്നതെന്നും അയാൾ പറഞ്ഞു. ഇതുകേട്ട് നബി(സ) പറഞ്ഞു. സുബ്ഹാനല്ലാഹ്! ഇത് നിനക്ക് വഹിക്കാൻ പറ്റുകയില്ല. നീ എന്തുകൊണ്ട്, ***അല്ലാഹുമ്മ ആതിനാ ഫിദ്ദുൻയാ ഹസറത്തൻ വഫിൽ ആഖിറതി ഹസനത്തൻ വഖിനാ അദാബന്നാർ*** എന്ന് പ്രാർത്ഥിക്കുന്നില്ല. അല്ലാഹുവേ, നീ ഈ ലോകത്തും ഞങ്ങൾക്ക് നന്മ നല്കേണമേ, പരലോകത്തും നന്മ നല്കേണമേ. ഞങ്ങളെ നരകശിക്ഷയിൽനിന്ന് രക്ഷിക്കേണമേ.

നിവേദകൻ പറയുന്നു. അയാൾ ഇങ്ങനെ ദുആ ചെയ്യാൻ തുടങ്ങിയപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അയാൾക്ക് ആരോഗ്യം തിരിച്ചുകിട്ടി. ഇതു സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തൗബ, മനുഷ്യന് അധികമായതോ ഫലശൂന്യമോ ആയ കാര്യമല്ല. ഇതിന്റെ സ്വാധീനം വെറും പുനരുത്ഥാനനാളിൽ മാത്രമല്ല, അതുമുഖേന മനുഷ്യന്റെ മതപരവും ഭൗതികവുമായ രണ്ട് കാര്യങ്ങളും നിവർത്തിയാകുന്നു. ഈ ലോകത്തും പരലോകത്തും ഇതുമുഖേന സൗഖ്യവും സത്യമായ സന്തോഷവും ലഭിക്കുന്നു. നോക്കൂ, വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: ***റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻവ്വഖിനാ അദാബന്നാർ***. ഞങ്ങളുടെ രക്ഷിതാവേ, ഈ ലോകത്തും ഞങ്ങൾക്ക് സുഖസൗകര്യങ്ങളുടെ സാധനസാമഗ്രികൾ നല്കേണമേ. പരലോകത്തും സൗഖ്യവും സന്തോഷവും നല്കേണമേ. ഞങ്ങളെ നരകശിക്ഷയിൽനിന്ന് രക്ഷിക്കേണമേ. നോക്കുക. യഥാർത്ഥത്തിൽ റബ്ബനാ എന്ന പദത്തിൽ തൗബ അഥവാ പശ്ചാത്താപത്തിലേക്ക് നേർത്ത ഒരു സൂചനയുണ്ട്. കാരണം ***റബ്ബനാ*** എന്ന പദത്തിന്റെ തേട്ടം, ആദ്യമെ ഉണ്ടാക്കിവെച്ചിരിക്കുന്ന ചില മറ്റു റബ്ബുമാരെ തൊട്ടറിഞ്ഞ്, യഥാർത്ഥ ദൈവത്തിലേക്ക് വന്നിരിക്കുന്നുവെന്നാണ്. ഈ പദം യഥാർത്ഥ വേദനയും വിഷമവും കൂടാതെ മനുഷ്യന്റെ മനസ്സിൽനിന്ന് പുറത്തു വരികയേയില്ല. ഘട്ടംഘട്ടമായി പൂർണ്ണതയിലെത്തിക്കുന്നവനെയാണ് റബ്ബ് എന്ന് പറയുന്നത്. യഥാർത്ഥത്തിൽ മനുഷ്യൻ തന്റേതായ ഒരുപാട് റബ്ബുമാരെ സൃഷ്ടിച്ചിട്ടുണ്ട്. അവന് തന്റെ തന്ത്രങ്ങളിലും ചതിയിലും പൂർണ്ണവിശ്വാസമുണ്ടായിരിക്കും. അതാണ് അവന്റെ റബ്ബ്. അവന് തന്റെ അറിവിലും കരബലത്തിലും അഹന്തയുണ്ടെങ്കിൽ, അതാണവന്റെ റബ്ബ്. അവന് തന്റെ സൗന്ദര്യത്തിലും അഴകിലും അഹങ്കാരമുണ്ടെങ്കിൽ അതാണവന്റെ റബ്ബ്. ചുരുക്കത്തിൽ ഇത്തരം ആയിരക്കണക്കിന് കാരണങ്ങൾ അവനോടൊപ്പം കൂടിയിരിക്കുന്നു. ഇതെല്ലാത്തിനേയും ഉപേക്ഷിച്ച് അതിൽ നിന്ന് ജാഗരൂകനായി പങ്കുകാരാരുമില്ലാത്ത ആ ഏകനായ ദൈവത്തിന്റെ മുമ്പിൽ തല കുനിക്കാത്തിടത്തോളംകാലം, വേദനയേയും ഹൃദയത്തേയും ഉരുക്കുന്ന റബ്ബനാ എന്ന പദംകൊണ്ട് അവന്റെ മുന്നിൽ വീഴാത്തിടത്തോളംകാലം അവൻ യഥാർത്ഥ റബ്ബിനെ തിരിച്ചറിഞ്ഞിട്ടില്ല. അത്തരം മനോവേദനയോടും വിലാപത്തോടും കൂടി അവന്റെ തിരുസന്നിധിയിൽ, തന്റെ പാപങ്ങളെ തള്ളിക്കളഞ്ഞ് തൗബ ചെയ്യുകയും അവനോട് റബ്ബനാ എന്ന് വിളിക്കുകയും യഥാർത്ഥമായ റബ്ബ് നീ മാത്രമായിരുന്നു, എന്നാൽ ഞാൻ എന്റെ തെറ്റുകൊണ്ട് മറ്റു സ്ഥലങ്ങളിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. പക്ഷേ ഇപ്പോൾ ഞാൻ ആ കള്ളബിംബങ്ങളേയും നിരർത്ഥമായ ആരാധ്യരേയും ഉപേക്ഷിക്കുകയും സത്യസന്ധമായ ഹൃദയത്തോടെ നിന്റെ പരിപാലനത്തെ അംഗീകരിക്കുകയും നിന്റെ തിരുസന്നിധിയിൽ വരികയും ചെയ്തിരിക്കുന്നു."

ഇങ്ങനെ നാം ദുആ ചെയ്യുമ്പോൾ അല്ലാഹു നമ്മെ ശ്രദ്ധിക്കാൻ തുടങ്ങുന്നു. പറഞ്ഞു: ചുരുക്കത്തിൽ ഇതുകൂടാതെ ദൈവത്തെ തന്റെ റബ്ബാക്കുക എന്നത് പ്രയാസമാണ്. മനുഷ്യന്റെ മനസ്സിൽനിന്ന് മറ്റു ദൈവങ്ങളും, അവരുടെ നിലയും വിലയും മഹത്വവുമെല്ലാം പുറത്തുപോകാത്തിടത്തോളംകാലം യഥാർത്ഥ റബ്ബ്, അവന്റെ പരിപാലനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയില്ല. ചിലയാളുകൾ കളവിനെ തങ്ങളുടെ ദൈവങ്ങളാക്കിയിരിക്കുന്നു. കളവ് കൂടാതെ ജീവിതംതന്നെ മുന്നോട്ടുപോകുകയില്ലെന്ന് അവർ മനസ്സിലാക്കുന്നു. ചിലർ മോഷണത്തേയും കവർച്ചയേയും വഞ്ചനയേയും തങ്ങളുടെ ദൈവമാക്കിയിരിക്കുന്നു. അവർ കരുതുന്നത് ഈ മാർഗ്ഗമല്ലാതെ തങ്ങളുടെ ഉപജീവനത്തിന് മറ്റു മാർഗ്ഗമൊന്നുമില്ലെന്നാണ്. ആ വസ്തുക്കളാണ് അവരുടെ റബ്ബുമാർ. ഒരു കള്ളന്റെപക്കൽ, മോഷണത്തിനുള്ള എല്ലാ ആയുധങ്ങളുമുണ്ട്, രാത്രിയിൽ മോഷണം നടത്താനുള്ള അവസരങ്ങളും അവന് ലഭ്യമായിരിക്കുന്നു. കാവൽക്കാർ ആരും ഉണർന്നിരിക്കുന്നില്ല, അത്തരം അവസ്ഥയിൽ മോഷണം കൂടാതെ തന്റെ ഉപജീവനത്തിനുള്ള മറ്റു വഴിയും അയാൾക്കറിയാം.

എന്നിട്ടും, അയാൾ തന്റെ ആയുധങ്ങളെതന്നെ തന്റെ ആരാധ്യനായി കരുതുകയും ചെയ്യുന്നു. ചുരുക്കത്തിൽ അത്തരക്കാർക്ക് തങ്ങളുടെ കുതന്ത്രങ്ങളിലാണ് വിശ്വാസമുള്ളത്. അത്തരക്കാർക്ക് അല്ലാഹുവിനോട് ദുആ ചെയ്യേണ്ട ആവശ്യമെന്ത്? ദുആ പുറപ്പെടുന്നത് എല്ലാ വഴികളും അടഞ്ഞുകിടക്കുന്നവനിൽനിന്നാണ്. ***റബ്ബനാ ആതിനാ ഫിദ്ദുൻയാ*** എന്ന ദുആ ചെയ്യുക എന്നതും, അല്ലാഹുവിനെ മാത്രം തന്റെ റബ്ബായി മനസ്സിലാക്കുന്നവരാണ്. തങ്ങളുടെ റബ്ബിന്റെ മുമ്പിൽ എല്ലാ റബ്ബുമാരും ഒന്നുമല്ലെന്ന് അവർക്ക് നല്ലവണ്ണം അറിയാം. തീ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം പരലോകത്തുള്ള തീ മാത്രമല്ല. ഈ ലോകത്ത് ദീർഘായുഷ്മനായി കഴിയുന്ന മനുഷ്യന് പലതരത്തിലുള്ള തീയുണ്ടെന്ന് അറിയാം. പലതരത്തിലുള്ള പീഡനങ്ങളും ഭയവും കൊലയും പട്ടിണിയും ക്ഷാമവും രോഗവും പരാജയവും, നിന്ദ്യതയും തുടങ്ങി ആയിരക്കണക്കിന് തരത്തിലുള്ള ദുഃഖങ്ങൾ, കുട്ടികളേയും ഭാര്യയേയും കൊണ്ടുള്ള ബുദ്ധിമുട്ട്, ബന്ധുക്കളുടെ കാര്യത്തിലുള്ള വിഷമം ഇങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്. ഇതെല്ലാം തീ തന്നെയാണ്. ഈ എല്ലാ തീയിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ എന്ന് സത്യവിശ്വാസി ദുആ ചെയ്യുന്നു. ഞങ്ങൾ നിന്റെ കോന്തല പിടിച്ചിരിക്കുന്ന സ്ഥിതിക്ക് ജീവിതത്തെ നശിപ്പിക്കുന്ന ഈ എല്ലാ കാര്യങ്ങളിൽനിന്നും, ഞങ്ങൾക്ക് അത് തീയുടെ സ്ഥാനത്താണുള്ളത്, രക്ഷിച്ചാലും.

ഇതിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) രണ്ട് കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഒന്ന്, ആത്മാർത്ഥരായി ഈ ദുആ ചെയ്യുന്നവർ ശിർക്കിൽനിന്ന് തങ്ങളെ പരിശുദ്ധരാക്കുന്നു. ***റബ്ബനാ*** എന്ന പദം, എല്ലാ കള്ളറബ്ബുകളിൽനിന്നും വിട്ടുമാറി ഞാൻ നിന്റെയടുത്തു വന്നിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു. രണ്ടാമത്തേത്, പരലോകത്തെ നന്മകളോടൊപ്പം ഇഹലോകത്തുള്ള നന്മകൾ ചോദിക്കുമ്പോൾ മനുഷ്യന് വിഷമം ഉണ്ടാക്കുന്ന എല്ലാ പ്രയാസങ്ങളിൽനിന്നും മോചനം കിട്ടുന്നു.

ഈ ദുആ ശരിയായനിലയിൽ ചെയ്താൽ ശിർക്കിൽനിന്ന് രക്ഷപ്പെടുത്തി, പരലോകത്തെ ശിക്ഷയിൽനിന്നും രക്ഷിക്കുന്നതായിരിക്കും. കാരണം ഈ ദുആ ചെയ്യുന്നവൻ ആത്മാർത്ഥമായിട്ടായിരിക്കും അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നത്. അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ട്, കരസ്ഥമാക്കാൻ ദുആ ചെയ്തുകൊണ്ട് ഈ ലോകത്തെ ബുദ്ധിമുട്ടിന്റെ തീയിൽനിന്ന് തന്നെ രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്താൽ അല്ലാഹു അനുഗ്രഹം ചൊരിയുന്നതാണ്. ഇത് വളരെ വലിയതും എല്ലാം അടങ്ങിയതുമായ ദുആയാണ്.

ആദ്യം ഞാൻ പറഞ്ഞതും അവസാനം പറഞ്ഞതുമായ ദുആ അത്തഹിയ്യാത്തിൽ സ്വലാത്തിനു ശേഷം ചൊല്ലാറുള്ളതാണ്. അഹ്മദികൾ ഇത് പൊതുവെ ചൊല്ലുന്നതുമാണ്.

എല്ലാതരം തീയിൽനിന്നും രക്ഷപ്പെടുന്നതിനായി ചെയ്യുന്ന ഈ ദുആ അല്ലാഹു സ്വീകരിക്കുമാറാകട്ടെ. എല്ലാതരം തീയിൽനിന്നും രക്ഷപ്പെടാൻ ആരാധന വളരെ ആവശ്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാകാനും ആരാധന വളരെ ആവശ്യമാണ്. ആദ്യത്തെ ദുആയിൽ നമസ്കാരം നിലനിറുത്തലാണ് അതിന്റെ പ്രഥമരൂപമെന്ന് അല്ലാഹു പറഞ്ഞു.

ഈ റമളാനിൽ ഈ ദുആയുടെ ശരിയായ കാര്യബോധവും അറിവും കരസ്ഥമാക്കിക്കൊണ്ട് ഓരോരുത്തരും അവരവരിലും അവരുടെ മക്കളിലും മറ്റുള്ളവരിലും നമസ്കാരം നിലനിർത്തുന്ന ശീലക്കാരാകാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 29t#.9.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala